# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2523** **05.11.2019 ൽ മറുപടിയ്ക്ക്**

## പുരപ്പുറ സൗരവൈദ്യുതി പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. കെ. വി. അബ്ദുൾ ഖാദർ<br>ശ്രീമതി. പി. അയിഷാ പോറ്റി<br>ശ്രീ. ആന്റണി ജോൺ<br>ശ്രീ. പി. വി. അൻവർ** | | **ശ്രീ. എം. എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി)** | |
| (എ) | ഊർജ്ജോത്പാദന രംഗത്ത് സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി ഈ സർക്കാർ നടപ്പാക്കി വരുന്ന നൂതന പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഊർജ്ജോത്പാദനരംഗത്തു സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി ആഭ്യന്തര ഉത്പാദനം മെച്ചപ്പെടുത്താനുള്ള നടപടി സ്വീകരിച്ചു. ഇതിന്റെ ഭാഗമായി ഉത്പാദന മേഖലയിൽ **12.6** മെഗാവാട്ട് സ്ഥാപിതശേഷിയുള്ള മൂന്ന് ചെറുകിട ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണം പൂർത്തിയാക്കി. ഈ പദ്ധതികളിൽ നിന്നും പ്രതിവർഷം **48.33** ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിക്കുവാൻ കഴിയും. നാലു ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണം ആരംഭിച്ചു. ആകെ **39.5** മെഗാവാട്ട് സ്ഥാപിതശേഷി വരുന്ന ഈ പദ്ധതികളിൽ നിന്നും **131.45** ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിക്കുവാൻ കഴിയും. കൂടാതെ 2015-മാണ്ടു മുതൽ നിർമ്മാണ പ്രവർത്തനങ്ങൾ മുടങ്ങി കിടന്നിരുന്ന ആകെ 106 മെഗാവാട്ട് സ്ഥാപിത ശേഷിയുള്ള മൂന്ന് ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങള പുനരാരംഭിച്ചു. ഈ കാലയളവിൽ KSEB ഇതിനോടകം നേരിട്ട് പൂർത്തീകരിച്ച 3 ജലവൈദ്യുത പദ്ധതികൾക്ക് പുറമേ 10 ജലവൈദ്യുത പദ്ധതികൾ (ആകെ ശേഷി **193.5** MW) നിർമ്മാണത്തിന്റെ വിവിവിധ ഘട്ടങ്ങളിൽ എത്തിനിൽക്കുന്നു. നിലവിലുള്ള ഇടുക്കി ജലാശയത്തിലെ വെള്ളമുപയോഗിച്ച് വെള്ളിയാമറ്റത്ത് 780 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള ഒരു വൈദ്യുതി നിലയം സ്ഥാപിക്കുന്നതിനുള്ള പ്രാഥമിക സാധ്യതാപഠനം നടത്തിയിട്ടുണ്ട്. വിശദമായ പദ്ധതി രൂപരേഖ (DPR) തയ്യാറാക്കുന്നതിനു വേണ്ടി ഗ്ലോബൽ ടെൻഡർ ക്ഷണിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>2021-ഓടുകൂടി 1000 മെഗാവാട്ട് സൗരോർജ്ജ സ്രോതസ്സുകളിൽനിന്നു കൂട്ടിച്ചേർക്കാനുള്ള പദ്ധതിയാണ് 'സൗര'. കെ.എസ്.ഇ.ബി.എൽ. ഉം അനെർട്ടും |

| | | | |
|---|---|---|---|
| | | | സംയുക്തമായാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. ഇതിൽ പുരപ്പുറ സൗരോർജ്ജ പദ്ധതികളിൽ നിന്നും 500 മെഗാവാട്ട്, 200 മെഗാവാട്ട് റിവേഴ്സ് ഇ- ബിഡിങ് മുഖേന ഉള്ള ഗ്രൗണ്ട് മൗണ്ടഡ് സോളാർ പ്ലാന്റുകളും, 150 മെഗാവാട്ട് സോളാർ പാർക്കുകളും, 150 മെഗാവാട്ട് ഫ്ലോട്ടിങ് സോളാർ പ്ലാന്റുകളും എന്നിങ്ങനെയാണ് വൈദ്യുതി ഉത്പാദിപ്പിക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്.<br>എൻ.എച്ച്.പി.സി വെസ്റ്റ് കല്ലടയിൽ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന 50 മെഗാവാട്ടിന്റെ ഫ്ലോട്ടിംഗ് സോളാർ പ്ലാന്റിന്റെ ആദ്യഘട്ടമായി 10 മെഗാവാട്ട് നടപ്പിലാക്കാനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. എൻ.ടി.പി.സി കായംകുളത്ത് ജലോപരിതലത്തിൽ സ്ഥാപിക്കുന്ന സൗരോർജ്ജ പ്ലാന്റിൽ നിന്ന് 92 MW വൈദ്യുതി വാങ്ങുവാനും SECI യുമായി കാറ്റാടി നിലയങ്ങളിൽ നിന്ന് 300 MW വാങ്ങുന്നതിനും, കൂടാതെ ബ്രഹ്മപുരത്ത് **9.76** MW ശേഷിയുള്ള ഖരമാലിന്യ സംസ്കരണ പ്ലാൻറിൽ നിന്ന് വൈദ്യുതി വാങ്ങുന്നതിനും KSEB കരാറുകളിൽ ഏർപ്പെട്ടിട്ടുണ്ട്. THDCIL വഴി കാസർഗോഡ് സോളാർ പാർക്കിൽ 55-60 MW ശേഷി കൂട്ടിച്ചേർക്കുന്നു. എൻ.എച്ച്.പി.സി പാലക്കാട് അഗളിയിൽ 82 മെഗാവാട്ട് ശേഷിയുള്ള കാറ്റാടിപ്പാടം സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു. ഇതിന്റെ ആദ്യഘട്ടമായി 8 മെഗാവാട്ട് പദ്ധതി നടപ്പിലാക്കുന്നതിനു വേണ്ടിയുള്ള റീ ടെൻഡർ നടപടികൾ പുരോഗമിച്ചു വരുന്നു. കൂടാതെ ഇറിഗേഷൻ വകുപ്പിന്റെ അധീനതയിലുള്ള അനുയോജ്യമായ ഭൂപ്രദേശങ്ങൾ കണ്ടെത്തി സോളാർ പദ്ധതി സ്ഥാപിക്കുന്നതിന്റെ സാധ്യതകളും പരിശോധിച്ച് വരുന്നു.<br>കൂടാതെ 10,000 കോടി രൂപ ചെലവ് കണക്കാക്കിയിട്ടുള്ള **ട്രാൻസ്ഗ്രിഡ് 2.0** പദ്ധതി നടപ്പിലാക്കുന്നതോടുകൂടി കേരളത്തിലേക്കുള്ള വൈദ്യുത ഇറക്കുമതിശേഷി വർദ്ധിപ്പിക്കുന്നതിനോടൊപ്പം സംസ്ഥാനത്ത് ഉത്പാദിപ്പിക്കുന്ന വൈദ്യുതി എല്ലായിടത്തും സുഗമമായി എത്തിക്കാനാകും വിധം പ്രസരണശൃംഖല ശക്തിപ്പെടുകയും ചെയ്യും.<br>അനെർട്ട് മുഖേന സോളാർ സ്മാർട്ട്, സോളാർ കണക്ട് എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നു. വൈദ്യുതി വിതരണ ഗ്രിഡുമായി ബന്ധപ്പെടുത്താതെ സ്വന്തം ഉപയോഗത്തിന് ബാറ്ററി സംഭരണത്തോടു കൂടി സൗരോർജ്ജ വൈദ്യുതി ഉപയോഗപ്പെടുത്താവുന്ന സംവിധാനമാണ് സോളാർസ്മാർട്ട് പദ്ധതി. **വീടുകൾക്ക്** 1 കിലോ വാട്ട് മുതൽ 3 കിലോ വാട്ട് വരെയും സ്ഥാപനങ്ങൾക്ക് 1 കിലോ വാട്ട് മുതൽ 5 കിലോ വാട്ട് |

| | | | |
|---|---|---|---|
| | | | വരെയും സ്ഥാപിത ശേഷിയുള്ള സൗരോർജ്ജ പവർ പ്ലാന്റുകളാണ് ഈ പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്നത്. 1 കിലോവാട്ടിൽ നിന്നും പ്രതിദിനം 3 യൂണിറ്റ് വൈദ്യുതി ലഭിക്കും.<br>സൗരോർജ്ജ പവർ പ്ലാന്റിൽ നിന്നും ഉത്പാദിപ്പിക്കുന്ന വൈദ്യുതി കെ.എസ്.ഇ.ബി.എൽ വിതരണ ഗ്രിഡിലേയ്ക്കു നൽകുന്നതാണ് സോളാർ കണക്ക് പദ്ധതി. 2 കിലോ വാട്ട് മുതൽ 500 കിലോ വാട്ട് വരെയും സ്ഥാപിത ശേഷിയുള്ള സൗരോർജ്ജ പവർ പ്ലാന്റുകൾ ഈ പദ്ധതിയുടെ ഭാഗമായി സ്ഥാപിക്കാവുന്നതാണ്. |
| (ബി) | പുരപ്പുറത്ത് സൗര വൈദ്യുതിപ്ലാന്റ് സ്ഥാപിക്കുന്ന പദ്ധതി ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ; | (ബി) | 500 മെഗാവാട്ട് പുരപ്പുറ സൗരോർജ്ജ പദ്ധതികളിലൂടെ ലക്ഷ്യമിട്ട് ഒന്നാം ഘട്ടമായി 200 മെഗാവാട്ട് സൗരോർജ്ജ പ്ലാന്റ് സ്ഥാപിക്കുന്നതിനായി താല്പര്യമുള്ള ഗാർഹിക ഗാർഹികേതര ഉപഭോക്താക്കളിൽ നിന്നും അപേക്ഷ ക്ഷണിച്ചതിൻ പ്രകാരം **2.78** ലക്ഷം ഉപഭോക്താക്കൾ പദ്ധതിയിൽ രജിസ്റ്റർ ചെയ്തു. ഫീൽഡ് സർവ്വേ പൂർത്തീകരിച്ചു ഏറ്റവും അനുയോജ്യമായ 42500 പുരപ്പുറങ്ങൾ പദ്ധതിക്കായി തെരഞ്ഞെടുത്തിട്ടുണ്ട്. പദ്ധതിയുടെ ടെണ്ടർ പ്രമാണങ്ങൾ തയ്യാറാക്കി ബഹുമാനപ്പെട്ട റെഗുലേറ്ററി കമ്മീഷനിൽ സമർപ്പിച്ചു അനുമതി നേടി. 2019 ഡിസംബറോടു കൂടി ടെൻഡർ നടപടികൾ പൂർത്തീകരിച്ചു 2020 ജനുവരി മുതൽ നിലയങ്ങൾ സ്ഥാപിക്കാൻ ലക്ഷ്യമിട്ടിരിക്കുന്നു. |
| (സി) | ഇപ്രകാരം എത്ര മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കാനാണ് ലക്ഷ്യമിടുന്നതെന്നും ഏതെല്ലാം കെട്ടിടങ്ങളെയാണ് ഇതിനായി തെരഞ്ഞെടുക്കുന്നതെന്നും വ്യക്തമാക്കാമോ; | (സി) | കേരള സർക്കാരിന്റെ ഊർജ്ജ കേരള മിഷന്റെ ഭാഗമായി വിഭാവനം ചെയ്തിട്ടുള്ള പുരപ്പുറ സൗരോർജ്ജ പദ്ധതിയിൽ നിന്നും 500 മെഗാവാട്ട് വൈദ്യുതി 2021-2022 ഓടെ ഉത്പാദിപ്പിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഇതിനായി ഗാർഹിക/വ്യാപാര/ സർക്കാർ/ ഇതര സ്വകാര്യ സ്ഥാപനങ്ങളെയാണ് തെരഞ്ഞെടുക്കുന്നത്. |
| (ഡി) | പ്രസ്തുത പദ്ധതിയ്ക്കായുള്ള ടെൻഡർ നടപടികൾ ആരംഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | (ഡി) | ഒന്നാം ഘട്ടമായ 200 മെഗാവാട്ട് പദ്ധതിയുടെ ടെണ്ടർ നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഡിസംബർ 2019 ഓടു കൂടി ടെണ്ടർ നടപടികൾ പൂർത്തീകരിക്കുകയും 2020 ജനുവരി മാസം സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കാനുമാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഒന്നാം ഘട്ടമായ 200 മെഗാവാട്ട് 2020 ജൂൺ മാസത്തിൽ പൂർത്തികരിക്കാനും രണ്ടാം ഘട്ടമായ 300 മെഗാവാട്ട് 2021 മേയ് മാസത്തിൽ പൂർത്തികരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. |

**സെക്ഷൻ ഓഫീസർ**